# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 231 — 06/02/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.ഇ.പി.ജയരാജൻ**<br>**ശ്രീ.എം. നൗഷാദ്**<br>**ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ. കോർപ്പറേഷന്റെ കോഴിക്കോട്, കൊല്ലം മേഖലാ ഓഫീസുകൾ നിർത്തലാക്കാൻ നടത്തുന്ന നീക്കത്തിൽ നിന്ന് പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോ; | (എ) | ഓഫീസുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാർ ഈ മേഖലയിൽ ചെലവ് ചുരുക്കൽ നടത്തുമ്പോഴും സംസ്ഥാന സർക്കാർ ഇ.എസ്.ഐ. പദ്ധതി വിപുലപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) യും (സി) യും | സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള നിബന്ധനയിൽ ഇ.എസ്.ഐ കോർപ്പറേഷൻ വരുത്തിയ ഭേദഗതികൾ ഗുണഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നതിനാൽ ടി തീരുമാനം റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇ.എസ്.ഐ പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ സുഗമമായ പ്രവർത്തനത്തിനായി 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളിലും ആശുപത്രികളിലും ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കുവാനും ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തേക്ക് 30,19,68,791 രൂപയുടെ മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റേറ്റ് കോൺട്രാക്ടിൽ ലഭ്യമല്ലാത്ത |
| (സി) | ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ജീവനക്കാരുടെ അഭാവം കൊണ്ട് ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കുന്നതിനും ആശുപത്രികളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | മരുന്നുകൾ KMSCL മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.സ്പെഷ്യാലിറ്റി വിഭാഗത്തിൽ 46 സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് ടോക്കൺസിസ്റ്റം, കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ, എൻ.സി.ഡി ക്ലിനിക്കുകൾ, ഫാർമസി ഔട്ട് ലെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഡിസ്പെൻസറികളിലെ / ആശുപത്രികളിലെ ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**